# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 22-11-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജനങ്ങളുടെ കഴിവും കരുത്തും രാജ്യത്തിൻറെ വികസനത്തിനായി പ്രയോജനപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   President Droupadi Murmu calls for harnessing skills and strengths of people for nation's development.
2. ആഗോള വികസന മാനദണ്ഡങ്ങൾ പുനഃപരിശോധിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; സുസ്ഥിര വളർച്ചയ്ക്ക് മുൻഗണനയേകാനുള്ള ഉചിതമായ സമയമാണിതെന്നും ജി- 20 ഉച്ചകോടിയിൽ പ്രധാനമന്ത്രി.
   Prime Minister Narendra Modi calls for revisiting development parameters; PM says it is time to prioritize sustainable growth at G-20 summit
3. കേരളത്തിൽ വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം വിതരണം 99 ശതമാനത്തിലധികം പൂർത്തിയായതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ.
   Distribution of enumeration forms as part of SIR in Kerala is over 99 percent complete, says Chief Electoral Officer.
4. തിരക്ക് വർദ്ധിക്കുന്നതനുസരിച്ച് ശബരിമലയിൽ സ്പോട് ബുക്കിങ് വർധിപ്പിക്കും;

തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കാനും ഉന്നതതല യോഗത്തിൽ തീരുമാനം

Spot bookings to be increased in Sabarimala as crowd increases; High-level meeting also decides to provide more facilities to pilgrims

5. കേരളത്തിൽ അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾവരെ മത്സ്യബന്ധനത്തിന് വിലക്ക്

Isolated heavy rain likely in Kerala for next 5 days; Fishing banned off Kerala-Lakshadweep coasts till the day after tomorrow

6. കാഴ്ചപരിമിതർക്കായുള്ള പ്രഥമ വനിതാ T20 ലോകകപ്പ് ഫൈനലിൽ കടന്ന് ഇന്ത്യ; ഇന്ത്യൻ പുരുഷ ടീമിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്ക് ഭേദപ്പെട്ട തുടക്കം.

India storms into T20 Women's Blind WC final; South Africa got a decent start in the Second Test match against the Indian men's cricket team.

************************************

## PREZ ANDHRA PRADESH (Intro)

രാജ്യത്തെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ശ്രീ സത്യസായി ബാബയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി പുട്ടപർത്തിയിലെ പ്രശാന്തി നിലയത്തിൽ നടന്ന പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജനങ്ങളുടെ കഴിവും കരുത്തും രാജ്യത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തണമെന്നും രാഷ്ട്രപതി പറഞ്ഞു.

**(ഹോൾഡ് വോയിസ് രാഷ്ട്രപതി )**

************************************

## PM-G20 SUMMIT

സമഗ്രവും സുസ്ഥിരവുമായ വളർച്ചയ്ക്ക് മുൻഗണന നൽകാൻ ജി-20 രാജ്യങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ ജി-20 ഉച്ചകോടിയുടെ ആദ്യ സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഫ്രിക്ക ഇതാദ്യമായി ജി-20 ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നതിനാൽ, ആഗോള വികസന മാനദണ്ഡങ്ങൾ പുനഃപരിശോധിക്കാൻ ഉചിതമായ സമയമാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു. ആരോഗ്യ അടിയന്തരാവസ്ഥകളിലും പ്രകൃതിദുരന്തങ്ങളിലും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ ലോകം കൂടുതൽ ശക്തമാകും. ഇന്ത്യയുടെ മൂല്യങ്ങൾ ഇതിനോട് ചേർന്ന് നിൽക്കുന്നതായും പ്രധാനമന്ത്രി വ്യക്തമാക്കി.

***********************************

## PM- MEET

G-20 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബ്രിട്ടൻ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ബ്രിട്ടൻ പങ്കാളിത്തം കൂടുതൽ മെച്ചപ്പെട്ടതായും നിരവധി മേഖലകളിൽ ഇരുരാജ്യങ്ങളും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുകയാണെന്നും പ്രധാനമന്ത്രി മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

***********************************

## UN CHIEF-G20

ആഗോള ദുരിതങ്ങൾ ലഘൂകരിക്കാൻ അധികാരം ഉപയോഗിക്കണമെന്ന് ജി-20 രാജ്യങ്ങളോട് യു  ൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അഭ്യർത്ഥിച്ചു. ലോകത്തെ കൂടുതൽ സമാധാനപരമായ പാതയിലേക്ക് നയിക്കാൻ ജി-20 രാജ്യങ്ങൾക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

***********************************

## DELHI POLICE ISI

പാകിസ്ഥാൻ രഹസ്യാന്വേഷണ ഏജൻസിയായ I.S.I യുമായി ബന്ധമുള്ള അന്താരാഷ്ട്ര ആയുധക്കടത്ത് സംഘത്തിൽപ്പെട്ട നാലുപേരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. ക്രൈംബ്രാഞ്ചും ഡൽഹി പോലീസും സംയുക്തമായി നടത്തിയ നീക്കത്തിൽ, തുർക്കിയയിലും ചൈനയിലും നിർമ്മിച്ച പിസ്റ്റളുകൾ ഉൾപ്പെടെ യുള്ളവ കണ്ടെടുത്തു. ആയുധക്കടത്തിനായി പാകിസ്ഥാനിൽ നിന്നുള്ള ഡ്രോണുകൾ ഉപയോഗിച്ചിരുന്നതായും പോലീസ് വ്യക്തമാക്കി.

***********************************

## DELHI POLICE- SPECIAL DRIVE

സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ പ്രത്യേക ഡ്രൈവിന്റെ ഭാഗമായി ഡൽഹിയിൽ 42 പേരെ പോലീസ് അറസ്റ്റ് ചെയ്തു. പിടിയിലായവർ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 254 കോടിയിലധികം രൂപയുടെ തട്ടിപ്പ് നടത്തിയിരുന്നെന്ന് ഡൽഹി പോലീസ് പറഞ്ഞു. പോലീസിന്റെ തിരച്ചിലിൽ ലാപ്ടോപ്പുകൾ,

മൊബൈൽ ഫോണുകൾ, ഡെബിറ്റ് കാർഡുകൾ, 1.5 ലക്ഷത്തിലധികം രൂപ  ന്നിവ കണ്ടെടുത്തു.

************************************

## Indian Railways

ഈ വർഷം ഇതുവരെ റെയിൽ മാർഗം വിവിധ ഇടങ്ങളിൽ  ത്തിച്ചത് 1020 ദശലക്ഷം ടൺ ചരക്കുകൾ. 500 ദശലക്ഷം ടൺ കൽക്കരി, 115 ദശലക്ഷം ടൺ ഇരുമ്പയിര്  ന്നിവ ഇതിൽ ഉൾപ്പെടുന്നതായി ഇന്ത്യൻ റെയിൽവേ അറിയിച്ചു.

************************************

## TELANGANA-37 MAOISTS SURRENDER

തെലങ്കാനയിൽ 37 മാവോയിസ്റ്റുകൾ കീഴടങ്ങി. മുതിർന്ന 3 സംസ്ഥാന കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയാണ് തെലങ്കാന DGP ബി ശിവധർ റെഡ്ഡിയുടെ മുമ്പിൽ കീഴടങ്ങിയത്. 25 സ്ത്രീകളും ഇതിൽ ഉൾപ്പെടുന്നു. സർക്കാരിന്റെ നിരന്തരമായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കൂടുതൽ മാവോയിസ്റ്റുകൾ കീഴടങ്ങുന്നതെന്ന് പോലീസ് വ്യക്തമാക്കി. കീഴടങ്ങിയവർക്ക് ധനസഹായവും സർക്കാർ നൽകുന്നുണ്ട്.

************************************

## PIB FACT CHECK- TEJAS

ദുബായ് വ്യോമപ്രദർശനത്തിൽ ഇന്ത്യയുടെ യുദ്ധവിമാനമായ തേജസ് അപകടത്തിൽപ്പെട്ടതുമായി ബന്ധപ്പെട്ട് ലെഫ്റ്റനന്റ് ജനറൽ കെജെ സ് ധില്ലന്റേതെന്ന രീതിയിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് പിഐബി വസ്തുതാപരിശോധന വിഭാഗം. അപകടത്തിൽ ലെഫ്റ്റനന്റ് ജനറൽ വി കെ സിങ്, പ്രധാനമന്ത്രിയെ വിമർശിച്ചതായി

ലെഫ്റ്റനന്റ് ജനറൽ ധില്ലൻ അവകാശപ്പെടുന്നതായിരുന്നു വീഡിയോ. ഇതു നിർമിതബുദ്ധിയാൽ സൃഷ്ടിച്ച വീഡിയോയാണെന്നും പ്രചരിപ്പിക്കരുതെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

**********************************

## LABOUR CODES

രാജ്യത്ത് പതിറ്റാണ്ടുകൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾ ലളിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള നാല് പുതിയ തൊഴിൽ കോഡുകൾ ഇന്നലെ നിലവിൽ വന്നു. 2019 ലെ വേതന കോഡ്, 2020 ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, 2020 ലെ സാമൂഹിക സുരക്ഷാ കോഡ്, 2020 ലെ തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യ കോഡ്  എന്നിവയാണ് പ്രാബല്യത്തിലായത്.

**********************************

## LABOUR CODE - V SIVANKUTTY

കേന്ദ്രസർക്കാർ നടപ്പാക്കുന്ന തൊഴിൽ കോഡ് പരിഷ്കരണങ്ങൾ സംസ്ഥാന സർക്കാർ സൂക്ഷ്മമായി വിലയിരുത്തുകയാണെന്ന് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തിന്റെ തനതായ തൊഴിൽ ബന്ധങ്ങളെയും, ട്രേഡ് യൂണിയൻ അവകാശങ്ങളെയും ദുർബലപ്പെടുത്തുന്ന നീക്കങ്ങൾ സംസ്ഥാന സർക്കാർ അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

**********************************

## ELECTION COMMISSIONER (INTRO)

കേരളത്തിൽ വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി  എന്യൂമറേഷൻ ഫോം വിതരണം അവസാന ഘട്ടത്തിലേക്ക് കടന്നതായി മുഖ്യ

തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. 99 ശതമാനത്തിലധികം ഫോമുകളുടെ വിതരണം പൂർത്തിയാക്കി. ശേഷിക്കുന്ന ഫോമുകളുടെ വിതരണം നാളെയോടെ പൂർത്തിയാക്കുമെന്നും, പൂരിപ്പിച്ച ഫോമുകളിൽ 26 ലക്ഷത്തി 46,414 ഫോമുകൾ അപ്‌ലോഡ് ചെയ്തതായും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(വോയ്സ്)**

***********************************

## CODE OF CONDUCT

പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള അനധികൃത ബാനറുകൾ, ബോർഡുകൾ, കൊടികൾ, തോരണങ്ങൾ □ ന്നിവയുടെ പരിശോധന ഊർജ്ജിതമാക്കാനും ശക്തമായ നടപടി സ്വീകരിക്കാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. □ ല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശം നൽകാനും ജില്ലാ കളക്ടർമാരോട് കമ്മീഷൻ ആവശ്യപ്പെട്ടു.

***********************************

## SABARIMALA

ശബരിമല തീർത്ഥാടനം കുറ്റമറ്റതാക്കാൻ മന്ത്രി വി.□ ൻ വാസവൻ്റെ നേതൃത്വത്തിൽ പമ്പ ശ്രീരാമ സാകേതം ഹാളിൽ ഉന്നതതല യോഗം ചേർന്നു. ഓരോ ദിവസത്തെയും തിരക്ക് അനുസരിച്ച് സ്പോട് ബുക്കിങ്ങിൻ്റെ □ ണ്ണം

വർധിപ്പിക്കാനും പതിനെട്ടാം പടിയിൽ ഒരു മിനിട്ടിൽ കയറുന്ന ഭക്തരുടെ □ ണ്ണം 85 ആക്കി ഉയർത്താനും യോഗം തീരുമാനിച്ചു. 140 പേരടങ്ങുന്ന റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഇന്ന് സന്നിധാനത്ത് ചുമതലയേറ്റു.

***********************************

## BEEMAPALLY URUZ

തിരുവനന്തപുരം ബീമാപ്പള്ളി ഉറൂസിന് കൊടിയേറി. ബീമാപ്പള്ളി മുസ്‌ലിം ജമാഅത്ത് പ്രസിഡന്റ് □ സ്. അബ്ദുൽ ജബ്ബാറും, വൈസ് പ്രസിഡന്റ് ഹലീലു റഹ്മാനും ചേർന്ന് പതാക ഉയർത്തിയതോടെ ഈ വർഷത്തെ ബീമാപ്പള്ളി ഉറൂസിന് തുടക്കമായി. നാളെ മുതൽ ഡിസംബർ ഒന്നുവരെ പ്രഭാഷണ പരമ്പര നടക്കും.

***********************************

## THAMARASSERI ROOPATHA

താമരശ്ശേരി രൂപതയുടെ കുടിയേറ്റ ശതാബ്ദി ആഘോഷ പരിപാടികൾക്ക് തുടക്കമായി. കേന്ദ്ര സഹമന്ത്രി ജോർജ്കുര്യൻ ഉദ്ഘാടനം ചെയ്തു. ഇടവിളകൃഷി, കുടിൽ വ്യവസായങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം □ ന്നീ രംഗങ്ങളിൽ കുടിയേറ്റ കർഷകരുടെ സംഭാവനകൾ വലുതാണെന്ന് മന്ത്രി പറഞ്ഞു.

***********************************

## WEATHER KERALA

കേരളത്തിൽ അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ □ റണാകുളം വരെയുള്ള ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

തിരുവനനന്തപുരം പേപ്പാറ, അരുവിക്കര, നെയ്യാർ അണക്കെട്ടുകളിലെ ഷട്ടറുകൾ ഉയർത്തി. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള -ലക്ഷദ്വീപ് തീരങ്ങളിൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***********************************

## WOMENS BLIND CRICKET

കാഴ്ചപരിമിതർക്കായുള്ള പ്രഥമ വനിതാ T20 ലോകകപ്പ് ഫൈനലിൽ കടന്ന് ഇന്ത്യ. കൊളംബോയിൽ നടന്ന മത്സരത്തിൽ ഓസ്ട്രേലിയയെ ഒൻപത് വിക്കറ്റിനാണ് കീഴടക്കിയത്. നേരത്തെ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു. നേപ്പാളിനെയാണ് ടീം ഇന്ത്യ കലാശപ്പോരാട്ടത്തിൽ നേരിടുക.

***********************************

## EVE MENS CRICKET STUMPS

ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്ക് ഭേദപ്പെട്ട തുടക്കം. ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ ആറു വിക്കറ്റിന് 247 റൺ  ന്ന നിലയിലാണ് സന്ദർശകർ. ഗുവാഹാട്ടിയിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യക്കായി കുൽദീപ് യാദവ് മൂന്നു വിക്കറ്റ് വീഴ്ത്തി. രണ്ടു മത്സരങ്ങളുടെ പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ 30 റണ്ണിന് പരാജയപ്പെട്ടിരുന്നു.

***********************************

## ASHES CRICKET TEST

ഇംഗ്ലണ്ടിനെതിരായ ആഷസ് ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയയുടെ പുരുഷടീമിന് 8 വിക്കറ്റ് ജയം. രണ്ടാം ദിനം 205 റൺസ് ലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയ 29-ാം ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ വിജയത്തിലെത്തി.

*************************************

## GOA IFFI

രാജ്യത്തുടനീളമുള്ള 16 സംസ്ഥാനങ്ങളിൽ നിന്നുള്ള നാടോടി കലാരൂപങ്ങളുടെ പ്രദർശനമൊരുക്കി 56-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേള. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനാണ് വിവിധ സംസ്ഥാനങ്ങളിലെ നാടൻ കലാരൂപങ്ങളെ IFFI വേദിയിൽ  ത്തിച്ചത്.

****************************************************************************************************************************************

********